# സങ്കല്പസ്വർഗ്ഗം

41



ജെറോം

# സങ്കല്പസ്വർഗ്ഗം

ജെറോം

1946 / S. J. Press. / Mannanam.

Cum permissu Superiorm.

---

കുസുമങ്ങൾ No. 41.

L/102
S.H. SCHOLASTICATE CHANGANACHERRY

# സങ്കല്പസ്വർഗ്ഗം

## I

ജോണിയും കിട്ടനും മുററത്തിരുന്നു കളിക്കുന്നതു കണ്ടിട്ടാണു മത്തച്ചൻ കടവിൽ കുളിക്കാൻ പോയതു്. തിരികെ വന്നപ്പോൾ അനേകം ആളുകൾ അവിടെ തടിച്ചുകൂടിയിരുന്നു. അവർക്കിടയിൽക്കൂടെ അയാൾ എത്തിനോക്കി. അഹോ! അകം തപിപ്പിക്കുന്ന അനുഭവം! പുത്രന്റെ ശരീരത്തിൽ രക്തം പുരണ്ടിരുന്നു!

"ജോണീ! കുഞ്ഞേ ജോണീ!"

അയാൾ കരൾ പൊട്ടിക്കരഞ്ഞു. മകനെ കൈകളിൽ വാങ്ങിക്കുവാൻ ,അയാൾ സാഹസപ്പെട്ടു.

"പിള്ളേരു വഴക്കുകൊണ്ടാക്കിയതാ. സാരമില്ല. വെറുതെ വെസനിക്കാതെ"

അയാളെ ആശ്വസിപ്പിക്കാൻ മററുള്ളവരുടെ ശ്രമമാണു്.

"കിട്ടന്റെ കൈയി കത്തി ഇരിക്കുവാരുന്നു. അന്നേരം അറിയാതെ കൊണ്ടതാ."

"വല്യമുറിവൊന്നുമില്ലെന്നേ. തൊലി പൊട്ടി ചോര വന്നതേ ഉള്ളൂ. അവനങ്ങു പേടിച്ചു കരഞ്ഞതന്നു മാത്രം".

"അതൊടനേ കരിയാന്നേ ഉള്ളൂ."

ആണും പെണ്ണും ആയി അവിടെയുണ്ടായിരുന്നവർ പലരും ആ പിതാവിനെ സമാധാനിപ്പിച്ചു. എന്നാൽ അവിടെയും ഉണ്ടായിരുന്നു വിപ്ലവകാരികൾ, വെള്ളിമേഘങ്ങൾക്കിടയിൽ കാർമേഘങ്ങൾപോലെ.

"ആ നാണന്റെ മകനാണെന്നേ! അവൻ മനസ്സറിഞ്ഞു കുത്തിയതാ".

എരിയുന്ന തീയിൽ എണ്ണ ഒഴിക്കുവാൻ ചിലർ തയാറായിക്കഴിഞ്ഞു:

"അമ്പോ!! അധികപ്രസംഗി!"

"അവന്റെ അച്ഛനാണെങ്കി എത്ര പാവം?"

"കിട്ടൻ കാര്യം കൊച്ചാണേലും വല്യപോക്രിയാ."

"എത്ര പോക്രിയാണേലും തിന്നുന്ന ചോറിനിട്ടു കുത്താമോ?"

"എനിക്കു തോന്നിയതാ, ചവുട്ടി എണക്ക തിരിക്കണ്ടേന്ന്!"

മത്തച്ചൻ വളരെയധികം കേട്ടു ആശ്വസിപ്പിക്കുന്നവയും അല്ലാത്തവയും ആയ വാക്കുകൾ. അതുകൊണ്ടൊന്നും ജോണിയുടെ വേദന വ്യത്യാസപ്പെട്ടില്ല.

ആററിലെ കുററിപോലെ മത്തച്ചൻ ചലിച്ചും സ്തംഭിച്ചും നിന്നു. പുത്രവാത്സല്യത്തെ എരിതീയിൽ പൊരിച്ച ഏതാനും നിമിഷങ്ങൾ ഭൂതകാലത്തിന്റെ അനന്തതയിൽ ലയിച്ചുചേർന്നു. ജോണിയെ എടുത്തു് മത്തച്ചൻ തഴുകിത്താലോലിച്ചു; ഓർത്തോർത്തു മനിച്ചു. മകന്റെ മുറിപോററ കൈയിലും നോക്കിയപ്പോൾ അയാളുടെ ഭാവി മരവിച്ചു. എങ്കിലും പത്തുപതിനായിരം ചുംബനങ്ങൾ കൊണ്ടു് അയാൾ മകനേ പൊതിഞ്ഞു.

ആളുകളെല്ലാം പിരിഞ്ഞു. കഴുതപോലെ കരഞ്ഞുകൊണ്ടു് നാണൻ മത്തച്ചന്റെ മുമ്പിലെത്തി.

"അയ്യോ! എന്റെ തമ്പ്രാ! എന്റെ തമ്പ്രാ!"

അവൻ നിലത്തുവീണു നമസ്കരിച്ചു.

"എന്താ നാണു? എന്തേ? കരയാതെ"

"അയ്യോ! തമ്പ്രാ പൊറുക്കണേ!"

ആ സാധു വീണ്ടും വിലപിച്ചു.

"ങ്ഹേ, എന്തുപററി?

"ഇവിടത്തെ — — കൊച്ചമ്പ്രാനിട്ട് — —"

"അതു സാരമില്ല; നീ കരയാതെ."

അവൻെറ കരച്ചിൽ നിന്നില്ല.

"അടിയൻെറ കിട്ടാത്തൻ ––"

"നാണു, അതു സാരമില്ലെടാ; നീ കരയാതിരി."

"അവനറിയാതെ –– ചെയ്തുപോയതാ –"

"എൻെറ നാണു, നീ കരയാതെ, ഞാൻ ഒന്നും പറഞ്ഞില്ലല്ലോ നീ കരയാൻ."

നാണുവിനു കുറെ ആശ്വാസമായി. എങ്കിലും അവൻ വീണ്ടും വിങ്ങി വിങ്ങിപ്പുലമ്പി:

"ഇനി കിട്ടൻ കിട്ടാത്തൻെറ കൈയിന്ന് –– അങ്ങനെയൊന്നും ––"

മത്തച്ചൻ വീണ്ടും അവനെ ആശ്വസിപ്പിച്ചു, അനന്യസാധാരണമായ ആശ്രിതവാത്സല്യത്തോടുകൂടി:

"എടാ, ജോണിക്കുട്ടിക്കൊന്നും പററിയില്ലെടാ. തൊലിശകലം പൊട്ടിയെന്നേ ഉള്ളു. നീയെന്തിനു പിന്നെ വെറുതെ വിഷമിക്കുന്നതു്? അവരു കളിച്ചുകൊണ്ടിരുന്നപ്പോൾ ഏതാണ്ടു കമ്പോ കത്തിയോ അറിയാതെ കൊണ്ടതാ. നിന്നോടു ഞാൻ ഒരു മുഷിവും പറഞ്ഞിട്ടില്ലല്ലോ ഇന്നുവരെയും, നീ ഇത്ര സങ്കടപ്പെടാൻ?"

"അടിയൻ ഇവിടുത്തെ ചോറാണേ! അടിയൻ ഇവിടുത്തെ ––"

"പോട്ടെ. നീ വിഷമിക്കാതെ. ആ പടിഞ്ഞാറെ പറമ്പിലൊക്കെച്ചെന്നു നോക്ക്, വല്ലവരും വല്ല തേങ്ങായോ മറേറാ ഇട്ടിട്ടുണ്ടോന്ന്."

"അടിയൻ!"

അവൻ നടന്നു.

"നാണൂ!"

"അടിയൻ!"

മാത്തച്ചൻ വിളിക്കുന്നതുകേട്ട് അവൻ തിരിഞ്ഞുനിന്നു.

"പാവം! കിട്ടൻ! അവൻ അവിടെയെങ്ങാണ്ടു"

പേടിച്ചിരിക്കവാ. നീ വരുമ്പോൾ അവനെക്കൂടെ പറഞ്ഞുകൂട്ടിക്കൊണ്ടു വരണം. കേട്ടോ?"

"അടിയൻ"

നാണപോയി.

ഒന്നു രണ്ടു മണിക്കൂറുകൾകൊണ്ടു ജോണിയുടെ വലിയ വിഷമതകൾ നീങ്ങി. പിതാവിൻെറ മടിയിൽനിന്നും അവൻ ചാടിയിറങ്ങി ഓടി നടന്നു. അപ്പോഴായിരുന്നു പിതൃഹൃദയത്തിന്ന് ആശ്വാസം അതിൻെറ യഥാർത്ഥമായ അർത്ഥത്തിൽ കണ്ടെത്തുവാൻ കഴിഞ്ഞതു്. ആ ആശ്വാസത്തോടുകൂടി അയാൾ മകനോടു പറഞ്ഞു:

"ജോണി, ഓടി നടക്കാതെ; വീഴും. വീണാൽ കൈതാങ്ങും."

ആ കൊച്ചുമകൻെറ സ്വാതന്ത്ര്യബുദ്ധി കുതിച്ചുചാടുകയായിരുന്നു; അവനും കുതിച്ചുചാടി.

"എടാ കുഞ്ഞേ, കൈ പഴുത്തേക്കും. നീ ഇവിടെ വന്നിരി, താങ്ങാതെ."

ഓമനയായ പുത്രനെ വത്സലനായ ആ പിതാവു് അരികിൽ പിടിച്ചിരുത്തി.

കിട്ടനെയും കൂട്ടിക്കൊണ്ടു് നാണ അവിടെ എത്തി. പേടിച്ചു വിറയ്ക്കുന്ന മകൻ അച്ഛൻെറ പുറകിൽ മറഞ്ഞു നിന്നതേയുള്ളു.

"എടാ കിട്ടാ, ജോണി നിന്നെ കാത്തിരിക്കവാ, കളിക്കാൻ."

മത്തച്ചൻ സാവധാനം പറഞ്ഞു. ജോണി സകലത്തും മറന്നു ചാടിയിറങ്ങിക്കഴിഞ്ഞു കിട്ടനോടു കൂട്ടുപിടിക്കാൻ.

"വാ, കിട്ടാ വാ. ഇന്നലെ കണ്ട മാങ്ങാപ്പഴം വീണോന്നു നോക്കാം. വാ."

നാണവിൻെറ പുറകിൽ അപ്പൊഴും മറഞ്ഞു നിന്നിരുന്ന "കിടാത്തൻ"ൻെറ കൈകളിൽ പിടിച്ചുകൊണ്ടു് "കൊച്ചമ്പ്രാൻ" യാത്രയായി.

മത്തച്ചനും നാണവും—തമ്പുരാനും ഭൃത്യനും! അ

ങ്ങനെ ഒരന്തരം — ഒരു മഹാ സമുദ്രം — അവരെ അകത്തിയിരുന്നു. എങ്കിലും അവക്ക് യാതൊരു സമത്വവാദ കോലാഹലങ്ങളും കൂടാതെതന്നെ ലഭിച്ചുകഴിഞ്ഞിരുന്നു പിതൃത്വത്തിൽ സമത്വം. മക്കളുടെ പ്രവൃത്തി കണ്ടപ്പോൾ, ആ സമത്വത്തിൽനിന്നുകൊണ്ട്, അവരിരുവരുടെയും ഹൃദയങ്ങൾ ഒരുപോലെ പുഞ്ചിരിതൂകി!

II

യജമാനപുത്രനായ ജോണിയും ഭൃത്യപുത്രനായ കിട്ടനും കൈകോത്തു കളിച്ച അനേകം ദിവസങ്ങളെ ആദിത്യൻ അളന്നകത്തി.

ജോണിയെ മത്തച്ചൻ വിദ്യാലയത്തിൽ ചേർത്തു. കിട്ടനെയും പള്ളിക്കൂടത്തിൽ അയച്ചില്ലെങ്കിൽ അവനു മനസ്സില്ലപോലും. ആ അരുമസുതന്റെ ആഗ്രഹത്തെ ആർദ്രനായ അപ്പച്ചൻ നിറവേറ്റി. നാണുവിന്റെ കൈയിൽ നാലുകാശുപോലുമില്ലായിരുന്നു മകനെ പഠിപ്പിക്കുവാൻ; പഠിപ്പിക്കണമെന്ന് അവൻ ആശിച്ചിരുന്നുമില്ല. ചെലവുകളെല്ലാം സഹിച്ചു യജമാനൻതന്നെ മകനെ പള്ളിക്കൂടത്തിൽ അയയ്ക്കുമെന്നായപ്പോൾ ആ വിശ്വസ്തഭൃത്യന്റെ അകമലരിൽ മധുകണങ്ങൾ ഉരുകിയൂറിത്തെളിഞ്ഞു. ആ മധുകണങ്ങളെ ഒന്നൊന്നായി തമ്പുരാന്റെ ചേവടികളിൽ കാഴ്ചവെയ്ക്കാൻ കഴിയുമെങ്കിൽ അതിലുപരി ഒരു സായൂജ്യം കൈവരാനില്ലെന്ന് അവൻ മനസ്സിലാക്കി.

ഏററം ഭംഗിയുള്ള ഉടുപ്പുകളാണു മത്തച്ചൻ മകനു വാങ്ങിക്കൊടുത്തതു്. അതിൽ വിലയുടെ ആധിക്യത്തെക്കുറിച്ചു ചിന്തിക്കുവാൻ ഹൃദയത്തിൽ മുററിനിന്നിരുന്ന പുത്രവാത്സല്യം അയാളെ അനുവദിച്ചിരുന്നില്ല. അരുമസുതന്റെ ആനന്ദത്തിനുവേണ്ടി ആഗ്രഹിക്കുന്ന ഓരോ അവസരത്തിലും അയാളുടെ പണപ്പെട്ടികൾ സ്വയം തുറക്കും; അവയിൽനിന്നും പണം കുതിക്കും. അതിനെ തടയുവാൻ ഒരു ശക്തിയും പ്രപഞ്ചത്തിൽ ഇല്ലായിരുന്നു.

താൻ പുതിയ ഉടുപ്പുകൾ അണിയുമ്പോൾ കിട്ടനേയും പുതിയ ഉടുപ്പുകൾ അണിയിക്കണമെന്നാണ് ജോണിയുടെ അഗ്രഹം. അവനുമാത്രം ഒരുടുപ്പു പിതാവു കൊണ്ടുചെല്ലുകയാണെങ്കിൽ അവൻ സ്വീകരിക്കുകയില്ല. കിട്ടനുകൊടുക്കുന്നതിനു വേറൊരെണ്ണം കൂടെകൊണ്ടു ചെല്ലുവാൻ അവൻ ശാഠ്യം പിടിക്കും. അതിനു പിതാവു സമ്മതിച്ചില്ലെങ്കിൽ അവൻ വാവിട്ടുകരയും. ആ രോദനം കേൾക്കുവാനുള്ള കരുത്തു മത്തച്ചനില്ലായിരുന്നു. അയാൾ വേഗം ഒരുടുപ്പുകൂടെ കൊണ്ടുചെല്ലും. ആദ്യത്തെ തരം തന്നെയായിരിക്കണം അതും. അല്ലെങ്കിൽ അവൻ പിന്നെയും കരയും; ഒരേതരം രണ്ടുടുപ്പുകൾ ലഭിക്കുന്നതു വരെയും കരയും.

കല്ലുപെൻസിലാണെങ്കിൽപോലും രണ്ടെണ്ണം ഒരുമിച്ചേ മത്തച്ചൻ വാങ്ങിക്കുകയുള്ളു. അയാൾക്കറിയാം, അല്ലെങ്കിൽ ഒരു കണ്ണുനീർക്കായലിൽ കൊച്ചുപുത്രൻ മുങ്ങിത്താഴുമെന്ന്. അത്രയും അസഹ്യമായ ഒന്ന് ആ പിതാവിനു ലോകത്തിൽ ഇല്ലായിരുന്നു.

മത്തച്ചൻ പുത്രനെ 'ജോണി' എന്നു വിളിക്കുന്നതു കിട്ടൻ പലപ്പോഴും കേട്ടുകൊണ്ടിരുന്നു. അവനും യജമാനപുത്രനെ വിളിച്ചു 'ജോണി' എന്ന്. നാണുവിനു് അതിൽ ഇഷ്ടമില്ലായിരുന്നു.

"എടാ, കിടാത്താ, നിൻെറ ചോറാ. 'കൊച്ചമ്പ്രാ' എന്നു വിളി."

മകനെ അവൻ ഉപദേശിച്ചു,

"കൊച്ചമ്പ്രാൻ! കൊച്ചമ്പ്രാനു!"

നാണുവിൻെറ യജമാനഭക്തി ജോണിയെ അങ്ങനെ കൊച്ചമ്പ്രാനാക്കി.

പിന്നെയൊരിക്കൽ കൊച്ചമ്പ്രാനെ കിട്ടൻ 'ജോണി' എന്നു വിളിച്ചുപോയി. അതു നാണു കേട്ടു. ഒരു വടിയുമായി അവൻ ഓടിയെത്തി. പുത്രവാത്സല്യമല്ല, യജമാനഭക്തിയാണ് അവനിൽ അളിക്കത്തിയതു്. ആ പി

താഴ്ച മകനെ അയ്യോരു പ്രഹരിച്ചു. കിട്ടൻ നിലവിളി തുടങ്ങി. അതിൽ വ്യസനിച്ചതു ജോണിയുടെ ഹൃദയമായിരുന്നു; നാണുവിൻെറ ഹൃദയമായിരുന്നില്ല. ഭൃത്യപുത്രൻെറ വേദന കണ്ടപ്പോൾ യജമാനപുത്രൻെറ കണ്ണുകളിൽനിന്നും ധാരധാരയായി അശ്രുക്കൾ ഒഴുകി. അതിനു കാരണമാക്കിയതോർത്ത്. നാണുവിനു സങ്കടം തോന്നിയുള്ളൂ! എങ്കിലും പിന്നീട് അവനു സംതൃപ്തിയുണ്ടായി, മകൻ ജോണിയെ 'കൊച്ചമ്പ്രാ' എന്നു തന്നെ വിളിച്ചുവന്നതിൽ.

പ്രാഥമിക വിദ്യാലയത്തിലെ പടികളെല്ലാം അവർ ഒരുമിച്ചു കയറിയിറങ്ങി. നാണുവിൻെറ കുടുംബത്തിൽ നാലക്ഷരം പഠിച്ച ഒരു ധന്യൻ അങ്ങനെ ആദ്യമായി ഉണ്ടായി. ആ ധന്യതയിലേക്ക നാണുവിൻെറ അഭിമാനം പറന്നുയന്നു.

ഇംഗ്ലീഷ് വിദ്യാലയത്തിലേക്ക മകനെ മത്തച്ചൻ യാത്രയാക്കി. അവിടെയും അവനു കിട്ടനെ കൂട്ടുകാരനായി കിട്ടണം. മത്തച്ചൻെറ ഹൃദയവിശാലതയ്ക്കും കാരുണ്യശീലത്തിനും മാററം വന്നിരുന്നില്ലെങ്കിലും, നാണുവിൻെറ മകനെ ഇംഗ്ലീഷ് വിദ്യാഭ്യാസംകൂടെ ചെയ്യിക്കേണ്ടതിൻെറ ആവശ്യമുണ്ടെന്ന് അയാൾക്ക മനസ്സിലായില്ല. അയാൾ മകനോട്ട പറഞ്ഞു:

"കുഞ്ഞേ, നീ തന്നെ പോയാൽ മതി"

"എനിക്കതന്നെ മേലാ"

"ഇനി ഫീസു കൊടുത്തുവേണം പഠിക്കാൻ. അവനു കൂടെ ഫീസുണ്ടാക്കാൻ കഴിയുമോ."

"കഴിയും."

കിട്ടൻെറ കൂട്ടുകാരൻ പ്രതിവചിച്ചു.

"ഇല്ല; നീ തന്നെ പഠിക്കാൻപോയാൽ മതി."

ജോണിയുടെ കണ്ണുകൾ നിറഞ്ഞു.

"അവൻ നമ്മുടെ വേലക്കാരൻെറ മകനല്ലേ?

അവനെ എന്തിനാണ് ഇംഗ്ലീഷുകൂടെ പഠിപ്പിക്കുന്നതു മോനേ?"

പിതാവിന്റെ തീരുമാനത്തിൽ മകൻ കരഞ്ഞു തുടങ്ങി. കിട്ടനെയും ഇംഗ്ലീഷ്സ്കൂളിൽ അയയ്ക്കാമെന്നു പിതാവിൽനിന്നും സമ്മതം ലഭിക്കുന്നതുവരെയും ആ കരച്ചിൽ നീണ്ടുനിന്നു.

യജമാനപുത്രന്റെകൂടെ കിട്ടനും ഇംഗ്ലീഷ്സ്കൂളിലേയ്ക്കു യാത്രയായപ്പോൾ നാണുവിന്റെ ഹൃദയത്തിൽ അഭിമാനം തിരയടിച്ചു. ഒരേ വേഷത്തിലും രീതിയിലും ആ കുട്ടികൾ പള്ളിക്കൂടത്തിൽപോകുന്നതു കാണുവാൻ നാണു വഴിയിൽപോയി നില്ക്കും.

"മത്തച്ചന്റെ മകന്റെകൂടെ പോകുന്ന ആ കൊച്ചനേതാ?"

അങ്ങനെ ആരെങ്കിലും ചോദിക്കുന്നുണ്ടോ എന്നവൻ ചെവിക്കൊടുക്കും; ചിലപ്പോൾ അവരറിയാതെ അവരെ കുറേദൂരം പിന്തുടരുകയും ചെയ്യും.

മകൻ ഇംഗ്ലീഷ്വാക്കുകൾ ഉച്ചരിക്കുന്നതു കേട്ടപ്പോൾ നാണു മതിമറന്നുപോയി. അതിരററ ആനന്ദം അവന്റെ അന്തരാത്മാവിനെ കിക്കിളിയിട്ടു. ആ കിക്കിളിയിൽപെട്ടു പുളഞ്ഞപ്പോൾ അവന്റെ ചിന്തകൾ യജമാനഭക്തിയുടെ മണിയറ വാതിലിൽ മുട്ടി. അതു തുറന്നു. അതിൽനിന്നും നിർഗ്ഗളിച്ച നിഷ്കന്മഷമായ പ്രഭാപ്രസരത്തിൽ അവനു കാണുവാൻ കഴിഞ്ഞ സങ്കല്പസാമ്രാജ്യത്തിലെ ഓരോ ഇനം വരവുകളെയും മത്തച്ചന്റെ വരവു ബുക്കുകളിൽ ചേർക്കുവാൻ അവൻ കൊതിച്ചു.

"തമ്പ്രാന്റെ തങ്കപ്പെട്ട കിറുതയം ഈ നാണെനെ അനുക്കിരഹിക്കവാ! തൈവമേ! എന്റെ തമ്പ്രാനെ അനുക്കിരഹിക്കണേ!"

അവൻ ഹൃദയം തുറന്നു പ്രാർത്ഥിച്ചു.

## III

നിമിഷങ്ങൾ നാഴികകളിലും, നാഴികകൾ ദിവസങ്ങളിലും, ദിവസങ്ങൾ ആഴ്ചകളിലും, ആഴ്ചകൾ മാസങ്ങളിലും, മാസങ്ങൾ സംവത്സരങ്ങളിലും, സംവത്സരങ്ങൾ ഭൂതകാലത്തിൻെറ അനന്തതയിലും ലയിച്ചുപോയി. ആ നിമിഷങ്ങളിലും, നാഴികകളിലും, ദിവസങ്ങളിലും, ആഴ്ചകളിലും, മാസങ്ങളിലും, സംവത്സരങ്ങളിലും നാണു മത്തച്ചൻെറ വിശ്വസ്ത ഭൃത്യനും പ്രധാന വേലക്കാരനും ആയിരുന്നു.

ജോണിയുടെയും കിട്ടൻെറയും വിദ്യാഭ്യാസം പല ക്ലാസ്സുകളിലും ഇടങ്ങി, പല പരീക്ഷകളിലും കടന്നു മുന്നോട്ടു ഗമിച്ചു. അറിവും നെറിവുംകൂടി വന്നപ്പോൾ നിലയും വിലയും ഉള്ള സഖാക്കളെ ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ തേടിപ്പിടിച്ചു. അന്നും ജോണിയുടെ ഉററ മിത്രവും, നിത്യസഹചാരിയും ആയിരുന്നു കിട്ടൻ. അന്നും അവരുടെ ഹൃദയങ്ങൾ ബന്ധിതങ്ങളായിരുന്നു അദൃശ്യമായ ഒരു ദിവ്യശക്തിയാൽ; അന്നും അവർ അണിഞ്ഞിരുന്നു ഒരേ ഒരുതരം ഉടുപ്പുകൾ; അന്നും അവർ വീതിച്ചിരുന്നു സുഖദുഃഖങ്ങളെ ഒരുപോലെ.

നാണു മററു വേലക്കാരോടു പറയും:

"എൻെറ കിട്ടൻ! അവൻ യോഗം പെറന്തോനാ! വല്യയോഗം പെറന്തോനാ! ആ കൊച്ചമ്പ്രാനൊണ്ടല്ലോ, ജോണികൊച്ചമ്പ്രാൻ– ആ കൊച്ചമ്പ്രാൻെറ ജീവനും അല്മാവുമാ എൻെറ കിടാത്തൻ. അവനങ്ങു പഠിച്ചു വരുമ്പം എനിക്കെന്തു – – "

അവ്യക്തതയിൽ മങ്ങിമയങ്ങിയ അനേകം സ്വപ്നാനുഭൂതികളെ അവൻ വ്യക്തമായി ദർശിച്ചു. ആ സങ്കല്പ സ്വപ്നാനുഭൂതികളായിരുന്നു അവൻെറ പ്രവൃത്തനങ്ങൾക്കു പ്രഹർഷവും പ്രകർഷവും നൽകിയ ധാരായന്ത്രങ്ങൾ.

മകൻെറ സ്കൂൾയാത്രകാണാനുള്ള കൌതുകത്തോടേ

നാണു പലപ്പോഴും വഴിയിൽ ഒതുങ്ങി നില്ക്കും. യജമാനപുത്രന്റെ തോളോടുതോൾ ചേൎന്നു മകൻ വരുന്ന ആ രംഗം അവന്റെ കണ്ണുകളെ കുളൎപ്പിക്കും; മതിവരുവോളം കുളൎപ്പിക്കും. എങ്കിലും അടുത്ത ദിവസം ആ സമയം ആകുമ്പോൾ അവൻ തിടുക്കംകൊള്ളുകയാണു് ആ കുളൎമ്മ ഒന്നുകൂടെ അനുഭവിക്കുവാൻ. ആ തിടുക്കത്തോടുകൂടി വീണ്ടും വഴിയിൽപോയി നില്ക്കും. പല്ലുകൾ മുഴുവൻ പുറത്തു നിരത്തി അത്യം യജമാനഭക്തി കാണിക്കും.

"കൊച്ചമ്പ്രാ! കൊച്ചമ്പ്രാ!"

അതിനുശേഷമേ അവന്റെ പുത്രപ്രിയത്തിനു തലയുയൎത്താൻ ശക്തി വരികയുള്ളു.

"എടാമോനേ, എന്റെ കിട്ടാ, കൊച്ചമ്പ്രാനെ നിഎപ്പൊഴും — —"

അടുത്തു് ആളുകൾ വല്ലവരും ഉണ്ടെങ്കിൽ നാണുവിന്റെ ആ സ്വരം നാലുമൈൽ അകലെ കേൾക്കുവാൻമാത്രം ഉയരും. അത്രയും അകലെ അവന്റെ അഭിമാനത്തെയും അറിയുവാൻ കഴിയുകയാണെങ്കിൽ അതിയായ ചാരിതാൎത്ഥ്യത്തിനു് അവനവകാശമുണ്ടുപോലും.

വിദ്യാലയത്തിൽനിന്നും വരുമ്പോൾ കച്ചത്തുവസ്ത്രം, തൊപ്പിപ്പാളയും, പച്ചപ്പല്ലിളിപ്പും അണിഞ്ഞു് വഴിയിൽ നിന്നെതിരേല്ക്കുന്ന പിതാവിനെ വിദ്യാസമ്പന്നനായ പുത്രൻ പലപല നാളുകൾ കണ്ടുകഴിഞ്ഞു. പുത്രന്റെ വിദ്യാസമ്പന്നതയും പിതാവിന്റെ പല്ലിളിപ്പും ദിനംതോറും കൂടിക്കൂടി വന്നു. അങ്ങനെ കൂടി വന്നപ്പോൾ അവ തമ്മിൽ ഒരു സ്വരച്ചേൎച്ച — പിതാവിന്റെ പല്ലിളിപ്പു പുത്രന്റെ വിദ്യാസമ്പന്നതയെ അഭിവാദ്യം ചെയ്യേണ്ടതില്ലെന്നു്. നാണുവിന്റെ പല്ലിളിപ്പു കാണുമ്പോൾ കിട്ടന്റെ അഭിമാനം ഓടി പമ്പകടക്കുകയാണു്! കൃഷിവേലക്കാരന്റെ കിടാത്തന്റെ അഭിജാത്യം തന്തയെക്കാണുമ്പോൾ തകിടം മറിയുകയാണു്! എന്തുതന്നെയും സമരിക്കും എന്നൊരു സന്നദ്ധത അഭ്യസ്തവിദ്യനായപ്പോൾ

കിട്ടനില്ലുണ്ടായി. എന്നാൽ ഒന്നുമാത്രം അവനു സഹി ക്കാൻ പാടില്ലാതെ വന്നു: വഴിയിൽ മററുള്ളവരുടെ മുമ്പിൽവെച്ചു പിതാവിൻെറ പല്ലുകളും കിരീടവും കാ ണുക. ഏതുതരം അസഭ്യവാക്കുകളെയും കേൾക്കുന്നതിൽ അവൻെറ ചെവികൾക്ക് കുറെയെങ്കിലും ഇമ്പം ഉണ്ട്. എന്നാൽ നാണു "മകനേ" എന്നു വിളിക്കുമ്പോൾ ആ ചെവികൾ പൊട്ടിത്തകരുകയാണു്! അകാശത്തിലെ മേഘങ്ങൾപോലും അവനെ അധിക്ഷേപിക്കുമെന്നു് അ ച്ഛൻെറ ആ വിളികേട്ടാൽ!

"ഇനിമേലാട്ടു ഞാൻ പള്ളിക്കൂടത്തിൽനിന്നു വരു മ്പോൾ ആ വഴിയിൽവന്നു നിക്കരുതു കേട്ടോ."

അവൻെറ അഭ്യസ്തവിദ്യ പിതാവിൻെറ ഹൃദയത്തെ പ്ര ഹരിച്ചു തുടങ്ങി.

"അതെന്താടാ?"

"എൻെറ കൂട്ടുകാരൊക്കെ ചോദിക്കും അതാരാ ണെന്നു്"

"നിൻെറ തന്തയാണെന്നു പറഞ്ഞേക്കരുതോ."

"എൻെറ തന്ത! എന്നിട്ടുവേണം അവരെന്നെ കളി യാക്കിക്കളിയാക്കിക്കൊല്ലാൻ!"

"അവരെന്താ പറഞ്ഞാലും ഞാൻ നിൻെറ തന്ത യല്ലാണ്ടു വരുമോടാ?"

"അതൊക്കെ ഈ കുടിലിൽവെച്ചു്!

"പിന്നെ ഞാനിനി നിനക്കു കൊട്ടാരോം ഒണ്ടാക്കി തരണോടാ?"

"ഒന്നും തരേണ്ടാ. ദയവുചെയ്തു് ആ വഴിയിൽ വന്നു് 'മോനേ'ന്നും പറഞ്ഞു പല്ലിളിക്കാതിരുന്നാ മതി".

നാണുവിൻെറ പിതൃത്വത്തെ ഭേദിച്ചുകൊണ്ടു് ഒരു മി ന്നൽ പാഞ്ഞു.

കിട്ടൻെറ 'കൊച്ചമ്പ്രാ'ന്നെ സഖാക്കളെല്ലാം ജോ

ണ്ണി എന്നാണു വിളിക്കുന്നതു്. കിട്ടൻ ആലോചിച്ചു, അവൻമാത്രം കൊച്ചമ്പ്രാ എന്നു വിളിക്കുന്നതിനാവശ്യമുണ്ടോ എന്നു്.

"അതെങ്ങനെയാ എന്റെകൊച്ചമ്പ്രാനാകുന്നതു്?" അവൻ ചിന്തിച്ചു തുടങ്ങി:

"ഇന്നുവരെയും ഞങ്ങൾ സമനിലയിലാണു കഴിഞ്ഞുവന്നതു്. ഞങ്ങളുടെ വിദ്യാഭ്യാസവും ഒപ്പം. ഇരിപ്പും നടപ്പും, വേഷവും ഭൂഷയും ഒന്നുപോലെ. പിന്നെ ഞങ്ങൾ തമ്മിലുള്ള വ്യത്യാസം? കുറെ സ്വത്തുക്കളുണ്ടെന്നു്! അതുകൊണ്ടു് എന്റെ കൊച്ചമ്പ്രാനാകുമോ? ജനിക്കുമ്പോൾ ആ സ്വത്തൊക്കെ കഴുത്തേൽ കെട്ടിത്തൂക്കിയിട്ടുണ്ടായിരുന്നോ? സമന്മാരായല്ലേ ജനിച്ചതു്? അതുപോലെതന്നെ മരിക്കുമ്പോഴും. ജനിക്കുമ്പോഴും മരിക്കുമ്പോഴും ഉണ്ടായിരിക്കുന്ന ഈ സമത്വം വളരുമ്പോഴും ഉണ്ടായിരിക്കണം."

അങ്ങനെ അവൻ സമത്വചിന്തവരെയും എത്തി. അവിടെ നിന്നുകൊണ്ടു് അവൻ തീരുമാനിച്ചു, മേലിൽ കൊച്ചമ്പ്രാ എന്നു വിളിക്കുകയില്ലെന്നു്. "ജോണി" "സഖാവേ" എന്നീ സംബോധനകളെ അവൻ അന്നു മുതൽ പ്രയോഗിച്ചു. അച്ഛന്റെ യജമാനഭക്തി കൊച്ചമ്പ്രാനാക്കിയ ജോണിയെ മകന്റെ സമത്വം സഖാവാക്കി!

വിദ്യാലയത്തിന്റെ പരിസരങ്ങളിലായി ഒരു സംഘം സമത്വവാദികളുണ്ടായിരുന്നു. അവരുമായി കിട്ടൻ പരിചയപ്പെട്ടു. അതിന്റെ ആയുഷ്ക്കാല സാമാജികനായി അവനും ചേർന്നു. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം, മിശ്രവിവാഹം, നിരീശ്വരത്വം, ജാതിമതഭേദമില്ലാതിരിക്കുക, എന്നിവയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ അവർ തീരുമാനിച്ചു. അതിനുവേണ്ടിയുള്ള യുക്തികളുമായി അവർ പ്രസംഗങ്ങൾ നടത്തി.

പ്രവർത്തനത്തിനുവേണ്ട പണം ആ സംഘത്തിനില്ലായിരുന്നു. പലരോടും അവർ യാചനകൾ ഉയർത്തി. എന്നാൽ നിരീശ്വരത്വത്തെ പ്രോത്സാഹിപ്പിക്കുന്നവർ വിരളമായിരുന്നു. ആരുംതന്നെ അവരെ സഹായിച്ചില്ല. ആ വിരോധത്തോടുകൂടി അവർ പുലഭ്യം പുലമ്പിക്കൊണ്ടു നടന്നു. പണക്കുറവുകൊണ്ടും പ്രോത്സാഹനക്കുറവുകൊണ്ടും അവരുടെ പ്രവർത്തനങ്ങൾ ശുഷ്കിച്ചു.

ലോകമഹായുദ്ധം തുടങ്ങി. വാർസർവീസ് യുവജനങ്ങൾക്കായി തുറക്കപ്പെട്ടു. പ്രവർത്തനക്കാർ എല്ലാംതന്നെ പടയാളികളായി പരിണമിച്ചു. കിട്ടൻമാത്രം ശേഷിച്ചു. അവൻ വിദ്യാഭ്യാസവുമായി മുന്നോട്ടു മാറി.

IV

ജോണിയുടെ ഇളയ സഹോദരിയായിരുന്നു റോസമ്മ. ഒരു കത്തോലിക്കാ സ്കൂളിൽ അവൾ വിദ്യാഭ്യാസം ചെയ്തു.

ഈശ്വരചൈതന്യം അനേകം മഴവില്ലുകളിൽ പ്രകാശിച്ചു. ആ പ്രകാശപൂരത്തെ പിഴിഞ്ഞെടുത്ത സത്തുമായി റോസമ്മ താരുണ്യത്തിലേക്കു തോണി കയറി.

അസ്വാദനീയമായ ഒരാകർഷകത്വം അവളുടെ ശരീരത്തിൽ ഓളം വെട്ടി. അതിൽ ആശ്ചര്യം നിറഞ്ഞ കണ്ണുകളുമായി കിട്ടൻ നോക്കിനിന്നു. ആ ആശ്ചര്യം ആശയിലേക്കു വെട്ടിത്തിരിയുവാൻ അധികം കാലതാമസം വന്നില്ല. അവനെ അടിമുടി അലട്ടുവാൻ — ആകമാനം ഉലയ്ക്കുവാൻ — പര്യാപ്തമായിരുന്നു ആ ആശ!

സമത്വം അവനെ എന്തിനും സന്നദ്ധനാക്കി. ആ സന്നദ്ധതയോടുകൂടി മിശ്രവിവാഹത്തിനും ജാതിമതഭേദമില്ലായ്മയ്ക്കും വേണ്ടി വാദിക്കുവാൻ — സശക്തം വാദിക്കുവാൻ — കഴിയുമെന്നൊരു ബോധ്യം അവനുണ്ടായിരുന്നു. റോസമ്മയുടെ സമീപത്തേയ്ക്കു് അവനെ തള്ളിവിടുവാൻ ആ ബോധ്യം കാരണമായി.

ആ തരുണീരത്നത്തിൻെറ മുമ്പിൽ അവൻ നിസ്സങ്കോചം പ്രണയപ്രാർത്ഥന നടത്തി. ഭൃത്യപുത്രൻെറ ഈ സംരംഭത്തിൽ ആ നിഷ്കളങ്ക പൊട്ടിച്ചിരിച്ചു. ഒരു ഗൗരവത്തോടുകൂടി കിട്ടൻ പ്രതിവചിച്ചു:

"ചിരിക്കാനല്ല, ചിന്തിക്കാനാണ ഞാൻ പറഞ്ഞതു്"

"എടാ കിട്ടാ, നീ തമാശു പറയാതെ പോ"

അവൻെറ ഹൃദയഗതി മനസ്സിലാക്കുവാൻ റോസമ്മയ്ക്കു കഴിഞ്ഞില്ല.

"തമാശല്ല; എൻെറ ഹൃദയത്തെ ഞാൻ തുറന്നു കാണിക്കുകമാത്രമാണ ചെയ്തതു്".

"എനിക്ക് ഒന്നും തുറന്നു കാണേണ്ടാ"

അവൾ മന്ദഹസിച്ചു.

"എൻെറ ഹൃദയത്തിൽ ഞാൻ മററാർക്കും സ്ഥലം നൽകുകയില്ല."

"നിൻെറ ഹൃദയവുംകൊണ്ടു് ഇവിടെനിന്നും ഒന്നു പിരിഞ്ഞാൽ കൊള്ളാം."

ആ കാമവിവശൻ പിന്നെയും അവിടെനിന്നു പ്രണയക്കണക്കം നടത്തി. റോസമ്മയ്ക്കു് അരിശംവന്നു.

"എടാ കുറേ മര്യാദയ്ക്കു്; അല്ലെങ്കിൽ ഞാൻ കാണിച്ചുതരും."

കിട്ടൻ ഏകാന്തനായിരുന്നു് ആലോചിച്ചു:

"എനിക്ക വിദ്യാഭ്യാസമില്ലേ?"

എന്നാൽ ആ വിദ്യാഭ്യാസം എവിടെനിന്നു ലഭിച്ചെന്നോ എങ്ങനെ ലഭിച്ചെന്നോ അവൻ ആലോചിച്ചില്ല. വീണ്ടും അവൻ റോസമ്മയുടെ സമീപമെത്തി.

"എനിക്ക വിദ്യാഭ്യാസമില്ലേ?"

അവൻ ചോദിച്ചു.

"ഉണ്ടെടാ, ഉണ്ടു്. ആ വിവരം വേണമെങ്കിൽ നെററിയേൽ എഴുതി ഒട്ടിയ്ക്കു്!"

റോസമ്മ പ്രതിവചിച്ചു. കിട്ടൻ പിന്തിരിഞ്ഞു. എന്നാൽ അവൻെറ അഗ്രഹം വീണ്ടും അവനെ ഇളക്കിവിട്ടു.

പിന്നെയും അവൻ പ്രണയപ്രാൎത്ഥനയ്ക്കുചെന്നു. സമത്വ ത്തിനുവേണ്ടി അവൻ വാദിച്ചു. യജമാനപുത്രിയും ഭൃത്യ പുത്രനും സമന്മാരാണെന്നു സ്ഥാപിക്കാൻ അവൻ പണി പ്പെട്ടു. ജാതിമതചിന്തകൾ ആധുനികകാലത്തു് ആദര ണീയങ്ങളല്ലെന്നും, മിശ്രവിവാഹം അനുവദനീയമാണെ ന്നും, അതുകൊണ്ടേ ലോകം പുരോഗമിക്കുകയുള്ളുവെന്നും അവൻ പ്രസംഗിച്ചു. അവരുടെ വിവാഹം ലോകത്തെ പുരോഗതിയിലേക്ക് ഒരുമൈൽകൂടെ യാത്രയാക്കുമെന്നും അവൻ പറഞ്ഞു. റോസമ്മ അതിനെല്ലാം മറുപടി കൊടുത്തു:

"നിൻെറ സമത്വം! അതു നാണുവിൻെറ തൊപ്പി പ്പാളയ്ക്കകത്തുനിന്നോ, മുറുക്കാൻ പൊതിയിൽ നിന്നോ ലഭിച്ചതു്? മിശ്രവിവാഹംകൊണ്ടു നീ ലോകത്തെ പുരോഗമിപ്പിക്കുകയൊന്നും വേണ്ടാ. നാണുവിൻെറ മകനാണു് ഇനി ലോകത്തെ പു രോഗമിപ്പിക്കാൻ വരുന്ന ലോകോദ്ധാരകൻ! അ ന്തിക്രിസ്തുവായി കലാശിക്കാതിരുന്നാൽ കൊള്ളാം."

കിട്ടൻ പ്രണയപാരമ്യത്തെ പൊത്തിപ്പിടിച്ചുകൊണ്ടു നിരാശയോടേ മടങ്ങി! വിസ്തൃതമായ അന്തരീക്ഷത്തിനു കീഴിൽ ഒരടിമണ്ണിനു മുകളിൽ അവൻ ഇരുന്നു. എന്നാൽ അവൻെറ ഇരിപ്പു് ഉറച്ചില്ല. റോസമ്മയുടെ അംഗ സൌഷ്ഠവം ആലോചിച്ചപ്പോൾ അവൻ ഇരുന്നിടത്തു നിന്നും ഇളകിപ്പോയി. വീണ്ടും അവൻെറ കാലുകൾ അങ്ങോട്ടുതന്നെ വെമ്പി.

പല തവണ റോസമ്മ അവനെ ഉപദേശിച്ചു, മൎയ്യാദയായി പ്രവൎത്തിക്കുവാൻ. അവൻെറ ദുരഭിലാഷ ത്തെ ആ ഉപദേശങ്ങൾ അണുവും ശമിപ്പിക്കുകയുണ്ടാ യില്ല. വീണ്ടും വീണ്ടും ആ സൌന്ദൎയ്യസാരത്തെ ലക്ഷ്യ മാക്കി അവൻ പാഞ്ഞു. ആ പാച്ചിൽ നിയന്ത്രിക്കുവാൻ റോസമ്മയ്ക്കു നിവൃത്തിയില്ലാതായി. അവൾ മാതാവിനെ അറിയിച്ചു കിട്ടൻെറ ദുഷിച്ച സംരംഭങ്ങൾ. അവിടെ

നിന്നും അതു മത്തച്ഛൻെറ അറിവിൽപെട്ടു. ആ മാതാപിതാക്കളുടെ ഹൃദയങ്ങൾ ഉമിത്തീപോലെ നീറിപ്പുകഞ്ഞു. പാലു നൽകിയ കൈയിൽ കൊത്തി വിഷമേല്പിക്കുന്ന കൃതഘ്നത!— അതിൻെറ കഷ്ടംകൈ ഓർത്തപ്പോൾ അവർ കോപാന്ധരായി. നാണുവിനെ വിളിച്ച് അവർ ആജ്ഞാപിച്ചു; കിട്ടനെ പുറത്തിറക്കി പായിക്കുവാൻ. അങ്ങനെ കിട്ടൻ ബഹിഷ്കൃതനായി. ജോണി വിവരങ്ങളറിഞ്ഞപ്പോൾ വിളറി.

## V

കുടിലതയുടെ കൊടിയ വാളുകൾ സുകൃത ഭിത്തികളെ വെട്ടിപ്പിളക്കുവാൻ വീശിനിന്നു.

കിട്ടൻ നാലുപാടും നോക്കി. ഏതാനും അളികൾ അവൻെറ നേരേമുരടുന്നു; ഏതാനും അംബുധികൾ അവൻെറ നേരേ അലറി. അവയോട് അവൻ ചോദിച്ചു, എന്തു ചെയ്യേണ്ടു എന്ന്. മറുപടി മനസ്സിലാക്കുവാൻ അവനു കഴിഞ്ഞില്ല.

ആകാശപ്പരപ്പിലേക്ക് അവൻ കണ്ണയച്ചു. നക്ഷത്രങ്ങൾ അവിടെ അനവധി നിരന്നിരുന്നു. അവയിൽ ഒന്നിനെയെങ്കിലും വേറൊന്ന് ഓടിച്ചുകളയുന്നതായി അവൻ കണ്ടില്ല.

"സമത്വം!— അതിൻെറ ആസ്വാദനത്തിൽ ആ നക്ഷത്രങ്ങൾ എത്ര സമാധാനവും സന്തുഷ്ടിയുമായി കഴിയുന്നു. അഹോ! മനുഷ്യരോ?"

അവൻ ആലോചിച്ചു.

"എൻെറ അസമാധാനം! ഞാൻ എന്തു പ്രതിവിധി ചെയ്യട്ടെ?"

കാമപാരമ്യത്തിൻെറ കാലുഷ്യം ആ നക്ഷത്രങ്ങളെ അസമാധാനപ്പെടുത്തുണില്ലെന്ന് അവൻ ഗ്രഹിച്ചില്ല. കൂടിയും കുറഞ്ഞും ഉജ്ജ്വലിക്കുന്ന നക്ഷത്രങ്ങളെ അവൻ വേർതിരിച്ചറിഞ്ഞില്ല!

നദികൾ കെട്ടിനില്ക്കുകയല്ലായിരുന്നു. അവ ഒഴുകിക്കൊണ്ടുതന്നെ ഇരിക്കുന്നതു് അവൻ ദർശിച്ചു. അവന്റെ കാലുകൾ എങ്ങോട്ടോ നീങ്ങി. അവയെ അവനും പിന്തുടർന്നു. എരിയുന്ന വെയിലിൽ പൊരിയുന്ന ചിന്തകളുമായി അവൻ നടന്നകന്നു.

ഒരു മൈലോളം അകലെ അവൻ എത്തി. സൂര്യൻ അവന്റെ തലയിൽ പ്രചണ്ഡകിരണങ്ങൾ തൂവി. അതിയായ ദാഹം അവനെ ബാധിച്ചു. ഒരു കിണറിന്റെ സമീപം അവൻ ചെന്നു. വെള്ളം കോരുവാൻ ഉപകരണം കാണാതെ വിഷാദിച്ചു; അടുത്തൊരു മരത്തണലിൽ ചെന്നിരുന്നു.

അവന്റെ മസ്തിഷ്കത്തിന്റെ മണലാരണ്യത്തിൽക്കൂടെ വിചാരത്തിന്റെ പല നീർച്ചാലുകളും ഒഴുകിത്താണു:

> "സമത്വം! അന്തരീക്ഷത്തിനു താഴെ അധിവസിക്കുന്ന ഏവനും അവകാശാധികാരങ്ങൾ ഒന്നുപോലെയായിരുന്നുവെങ്കിൽ! ഒരുത്തൻ മത്തച്ചനും ഒരുത്തൻ നാണുവും! ഒരുത്തൻ ജോണിയും ഒരുത്തൻ കിട്ടനും! എന്താണു തമ്മിൽ വ്യത്യാസം? രണ്ടു കണ്ണും രണ്ടു കാലും രണ്ടു കൈയും! എല്ലാവർക്കും ഒരേ വിധത്തിലുള്ള ജനനമരണങ്ങൾ! ചിരിക്കാനും ചിന്തിക്കാനും ഒരേ വിധത്തിലുള്ള കഴിവു്! ഒന്നുപോലുള്ള സുഖദുഃഖാനുഭവങ്ങൾ! എന്നാൽ ഒരുത്തൻ മത്തച്ചൻ—അല്ല വല്യമ്പ്രാൻ! മറ്റൊരുത്തൻ നാണു—വേലക്കാരൻ! ഒരുത്തൻ വല്യമ്പ്രാന്റെ മകൻ കൊച്ചമ്പ്രാൻ! മറ്റൊരുത്തൻ വേലക്കാരന്റെ മകൻ കിട്ടൻ! ഒരുത്തൻ മണിമാളികയിൽ! മറ്റൊരുത്തൻ മരത്തണലിൽ! അഹോ കഠിനം. സമന്മാരായ മനുഷ്യരുടെ സമത്വമില്ലാത്ത മനുഷ്യത്വം! ഇതെന്നു മാറാനാണ്?"

ഒരു സ്ത്രീ ദൂരെനിന്നും പാളയും കയറുമായി വരുന്നതു

കിട്ടൻ കണ്ടു. അവൻെറ നാവാശ്വസിച്ചു. ജലസ്പർശത്തിനു സൌഭാഗ്യം കിട്ടുമെന്നു കരുതി. ആ സ്ത്രീ കിണററരികിലെത്തി. ഒരു യൌവനത്തിടമ്പായിരുന്നു അവൾ. കിട്ടൻ മതിമറന്നു. ചലിക്കാത്ത കണ്ണുകളിൽ അവൻ അവളെ നോക്കിയിരുന്നു—നോക്കി നോക്കിയിരുന്നു, സകലതും ത്യജിച്ചു ചിത്സ്വരൂപം കാണുന്ന സന്യാസിയേപ്പോലെ.

ചത്ത മത്സ്യത്തിൻെറ കണ്ണുകളെ കിട്ടനിൽ സംഭവിപ്പിച്ച ചില നിമിഷങ്ങൾ മുന്നോട്ടു കടന്നു. വെള്ളം കോരി കുടം നിറച്ചിട്ട് ആ യുവതി യാത്രയായി. കണ്ണുകളുടെ ആനന്ദത്തിൽ നാവിൻെറ ആതങ്കം അറിയാതെ പോയതിൽ അവൻ അനുതപിച്ചു! വേഗം അവളുടെ പിന്നിൽ ഓടിയെത്തി. അവൾ തിരിഞ്ഞുനിന്നു. സാഹോദര്യത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി വാദിച്ച കിട്ടന് ആ യുവതിയോടു വെള്ളം ചോദിക്കുന്നതിൽ വിഷമമൊന്നും തോന്നിയില്ല. അവൾ കുടം താഴെ വച്ചിട്ട് പാളയുമായി വീണ്ടും കിണററരികിൽ വന്നു. തീററ കാണിച്ചു കൂട്ടിക്കൊണ്ടുപോകുന്ന പശുവിനെപ്പോലെ അവൻ അവളെ പിന്തുടൻ. അവൻെറ നയനങ്ങൾ അപ്പോഴും ആ താരുണ്യത്തെ പാനം ചെയ്യുകയായിരുന്നു-

അവൾ വെള്ളം കോരിയിട്ടു പാളയോടേ കിട്ടൻെറ നേരേ നീട്ടി. ഇരു കൈയുമായി അവൻ അതു വാങ്ങി. ഹൃദയത്തിൻെറ കൃപ്പുകൈയുമായി കുറെ കുടിച്ചിറക്കി.

"ത്യാൻക് യൂ വെരി മച്ച്"

സംസ്കാരസമ്പത്തും വിദ്യാഭ്യാസയോഗ്യതയും അവൻ പ്രകാശിപ്പിച്ചു. അതിൽ അമ്പരന്ന വനിത വാപൊളിച്ചുനിന്നു!

"വളരെ വളരെ നമസ്കാരം! ഞാൻ അധികം കടപ്പെട്ടിരിക്കുന്നു."

അവൾ മൌനം അവലംബിച്ചതേയുള്ളു. അവൻ വീണ്ടും നാവനക്കി:

"വിടേതാണ്?"

"അതാണ്."

ഒരു പരുങ്ങലോടുകൂടി അവൾ പ്രതിവചിച്ചു.

"പേരു്?"

"ജാനു"

"ആരെല്ലാമുണ്ടു്?"

അറിയേണ്ടതും അല്ലാത്തതുമായ സംഗതികളിൽകൂടി കിട്ടൻ ഉപചാരവാക്കുകൾ തുടന്നു.

"അച്ഛനു മമ്മേം"

അവളുടെ കഴുത്തിൽ നോക്കി അവൻ സംതൃപ്തനായി. നേരിയ ഒരു പുഞ്ചിരിയുടെ നേർമ്മയിൽ മുഖം മിനുക്കികൊണ്ടു് അവൾ ചോദിച്ചു:

"എന്താണു നോക്കുന്നതു്?"

പ്രത്യക്ഷമായ ഒരു മൃദുസ്മിതത്തോടുകൂടി അവൻ പ്രതിവചിച്ചു:

"അല്ല; ഒരു കൂട്ടം — ഒന്നും നോക്കുകയല്ലായിരുന്നു."

പാളയും കുടവും എടുത്തു് ആ തരുണി നടന്നു; കിട്ടന്റെ കണ്ണുകൾ പുറകെയും!

അവന്റെ അന്തരംഗത്തിൽ ഒരു വടംവലി തുടങ്ങി, റോസമ്മയും ജാനുവും തമ്മിൽ! സമത്വം, സാമോദര്യം, സ്വാതന്ത്ര്യം, മിശ്രവിവാഹം, യജമാനസ്വത്ത്, നിരീശ്വരത്വം എന്നിവകൾ രണ്ടു പക്ഷത്തുമായിചേർന്നു. ആ വടംവലിയിൽ അവൻ അത്തുമിത്തും അറിയാതെ അന്ധനായി നിന്നു. അനേകം വെള്ളിമേഘങ്ങൾ അയാളുടെ അന്ധതയെ അപഹസിച്ചുകൊണ്ടു തെന്നി മാറി.

അങ്ങനെ അന്ധതയിൽ കുടുങ്ങിയ കിട്ടന്റെ ഹൃദയത്തിൽ ജാനുവിന്റെ ചോദ്യം വെള്ളവീശി.

"എന്താണു നോക്കുന്നതു്?"

ആ വെള്ള വീശലിൽ ആശയുടെ പരാഗം സാഫല്യത്തിന്റെ സൌരഭ്യത്തോടുകൂടി പാറിപ്പറക്കുന്നതായ

അവനു തോന്നി. അതിൽനിന്നും ഒരു നിത്യനിർവൃതിയുടെ അനുഭവമാണ് അവനുണ്ടായത്. ആ നിർവൃതിഅന്നുമെന്നും അനുഭവപ്പെട്ടിരുന്നെങ്കിൽ എന്നവൻ പ്രത്യാശിച്ചു.

ജാനു വെള്ളവുമായി ചെന്നപ്പോൾ അമ്മയോടു പറഞ്ഞു, ഇംഗ്ലീഷറിയാവുന്ന ഒരു ചെറുപ്പക്കാരൻ അവിടെ നിന്നിരുന്നുവെന്നും അവളോടു വെള്ളം വാങ്ങിക്കുടിച്ചുവെന്നും. ആ തള്ള പുറത്തിറങ്ങി നോക്കി. മകൾ പറഞ്ഞ യുവാവ് അങ്ങോട്ടു നടന്നു ചെല്ലുന്നതുകണ്ടു് അവൾക്കു സംതൃപ്തിയും സന്തുഷ്ടിയും ഉണ്ടായി.

കേളനും ജാനകിയും — ജാനുവിൻെറ അച്ഛനമ്മമാർ — കിട്ടനെ സ്വീകരിച്ചു. അവർ ഇട്ടുകൊടുത്ത കൊരണ്ടിപ്പലകയിൽ അവൻ ഇരുന്നു.

"എവിടെനിന്നാണു വരുന്നതു്?"

ആ മാതാപിതാക്കൾ ആദരപൂർവ്വം ചോദിച്ചു.

"കുറെ അകലെനിന്നാണു ഞാൻ വരുന്നത്"

അവൻ ഗൗരവം നടിച്ചുകൊണ്ടു പറഞ്ഞു.

"എങ്ങോട്ടാണു പോകുന്നതു്?"

"ഇങ്ങോട്ടു തന്നെ."

ജാനുവിൻെറ മാതൃമുഖത്തിൽ ഒരു പുഞ്ചിരി പൊടിച്ചു.

"വിശേഷം എന്താ?"

"ഞാൻ ഒരു സംഘടനയുടെ അദ്ധ്യക്ഷനാണു്"

പൂർവ്വാധികം ഗൌരവാവഹവും വ്യക്തവുമായ ഭാഷയിൽ അവൻ തുടന്നു:

"ആ സംഘടനയുടെ ജോലി, സാധുജനങ്ങളെ കൂട്ടിയിണക്കി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം, ഇവക്കുവേണ്ടി പൊരുതുകയും, മുതലാളികളിൽനിന്നും വളരെക്കൂടുതൽ കൂലി തൊഴിലാളികൾക്കു കിട്ടുവാൻ പ്രവത്തിക്കുകയും ആണു്. മിശ്രവിവാഹത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുകയും ജാതിമതഭേദങ്ങൾ ഇല്ലാതാക്കുകയും ഈ സംഘടനയുടെ മററു കത്തവ്യങ്ങളാണു്. ഇതി

ൻെറയെല്ലാം പരമമായ ഉദ്ദേശം സ്വത്തുക്കൾ സകല മനുഷ്യർക്കും ഒരുപോലെ വീതിച്ചു കിട്ടണമെന്നുള്ളതാണ്"

കിട്ടൻെറ വർത്തമാനം കേൾക്കാൾ ജാനു പുറത്തേയ്ക്കു തലനീട്ടി. അവൻ ആ മുഖം നോക്കിയിരുന്നുപോയി.

"എന്നിട്ട്?"

കേളൻ അവനെ ഉണർത്തി.

"ങ്ഹേ! ഞാൻ പറഞ്ഞുനിറുത്തിയത്?"

അല്പം ആലോചിച്ചിട്ട് അവൻ തുടർന്നു:

"സംഘടനയുടെകാര്യം. അതിൻെറ അദ്ധ്യക്ഷനാണ് ഞാൻ. എല്ലായിടത്തും അതിൻെറ ശാഖകൾ സ്ഥാപിക്കുവാനാണ് ഞങ്ങളുടെ ശ്രമം. ഇവിടെ ഒരു ശാഖ സ്ഥാപിച്ചു പ്രവർത്തിക്കണം. അതിനായിട്ട് എന്നെയാണ് തെരഞ്ഞെടുത്തയച്ചത്. ഇവിടെ താമസിച്ചു സംഘടന സ്ഥാപിച്ചുപ്രവർത്തിക്കുവാനാണ് എൻെറ ഉദ്ദേശം".

ജാനുവും അച്ഛനമ്മമാരും ആഗതൻെറ സ്ഥാനമാനങ്ങൾ ഓർത്ത് അത്ഭുതപ്പെട്ടു.

"എൻെറ മകൾക്കു ഭർത്താവായിട്ടു കിട്ടിയിരുന്നെങ്കിൽ!" ജാനകി ആഗ്രഹിച്ചു.

"ഇവിടെ താമസിക്കണമെങ്കിൽ താമസിക്കാം. ഞങ്ങൾക്കു വലിയ സന്തോഷം"

കേളൻ പറഞ്ഞു.

"ഞാൻ വിവാഹിതനല്ല. ഇക്കൊല്ലം പഠിത്തം തീർന്നതേ ഉള്ളു. ഇവിടെ വല്ലടത്തുനിന്നും വിവാഹം കഴിച്ച് അവിടെ താമസിച്ചു പ്രവർത്തിക്കണമെന്നാണ് എൻെറ ആഗ്രഹം"

"ഞങ്ങടെ ——"

ജാനുവിൻെറ മാതാവു പറയുകയാണ്:

"ഞങ്ങടെ മകളെ ——"

കിട്ടൻെറ ഹൃദയം രോമാഞ്ചം പൂണ്ടു.

## VI

ജാനുവരിന്റെ ഭർത്ത്ര് പടച്ചിയിൽ കിട്ടൻ അവിടെ സസുഖം വസിച്ചു.

കേളന്റെ പ്രവർത്തനഫലമായി പത്തുമുപ്പതു വേലക്കാർ കിട്ടനെ സമീപിച്ചു. അക്ഷരജ്ഞാനമില്ലാത്ത അവരെ വട്ടത്തിൽ ഇരുത്തിയിട്ട് കിട്ടൻ നടുക്കിരുന്നുകൊണ്ടു പ്രസംഗം തുടങ്ങി:

"സഹോദരന്മാരേ, നിങ്ങളേവരേയും ഒരു നല്ല നിലയിൽ എത്തിക്കണമെന്നാണ് എന്റെ ആഗ്രഹം. നിങ്ങളെല്ലാം ഒത്തൊരുമിച്ച് എന്നോടുചേർന്നു പ്രവർത്തിച്ചാൽ അതു് ഉടൻതന്നെ സാദ്ധ്യമാവുകയും ചെയ്യും എന്നുള്ളതു് ഒട്ടുംതന്നെ സംശയിപ്പാൻ വകയില്ലാത്ത സംഗതിയാണെന്നുള്ളതിൽ എനിക്ക് അശേഷം സംശയമില്ല".

വേലക്കാർക്കെല്ലാം വളരെ സന്തോഷമായി അവർ പരസ്പരം നോക്കി പുഞ്ചിരി തൂകി. കിട്ടൻ തുടർന്നു:

"ഏററം പ്രിയപ്പെട്ട സഹോദരന്മാരേ, എനിക്ക് നിങ്ങളോട് ആദ്യമായി പറയാനുള്ളതു് സംഘടിച്ചു പ്രവർത്തിക്കുക എന്നാണ്. ഐകമത്യത്തോടുകൂടി ഒററ മനസ്സായി പ്രവർത്തിക്കുക എന്ന്. നമ്മുടെ മുദ്രാവാക്യങ്ങൾ സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം, എന്നിവയാണ്. നമ്മൾ സമന്മാരായിരിക്കണം; സഹോദരന്മാരായിരിക്കണം; സ്വതന്ത്രന്മാരായിരിക്കണം. ധനവാനെന്നോ ദരിദ്രനെന്നോ ഒരു വ്യത്യാസം അരുതു്. ധനവാന്മാരെയെല്ലാം നമുക്ക് നമ്മുടെ സമന്മാരാക്കണം."

"അയ്യോ നമ്മുടെ തമ്പുരാനെ കുററം പറയുവാ."

ചിലർ പൊറുപൊറുത്തു. കിട്ടൻ വീണ്ടും തുടർന്നു:

"തമ്പുരാക്കന്മാരെന്നൊരുകൂട്ടർ ഉണ്ടായിരിക്കരുതു്. ഈ ഭൂമിയിൽ സകലക്കും ഒരുപോലെയായിരിക്ക

ണം അവകാശം. നമുക്കും ധനവാന്മാക്കും തമ്മിൽ വ്യത്യാസം പാടില്ല. അവർ തമ്പുരാക്കന്മാരായിരുന്നു സുഖിക്കരുത്."

"അതു നമ്മള പറഞ്ഞാ നടക്കുവോ?"
ചിലക്ക് സംശയം തോന്നി.

"നടക്കും. അതിനുള്ള വഴി ഞാൻ പറയാം. ഒരു തമ്പുരാനു വളരെ ഭൂമികളുണ്ടായിരിക്കും! ഉദാഹരണമായി നിങ്ങളുടെ ഒക്കെ തമ്പുരാനായ ആ മത്തച്ചൻ. അയാളുടെ പാടങ്ങളിലും പറമ്പുകളിലും നിങ്ങളാണല്ലോ പണിയുന്നതു്. നിങ്ങളുടെ വിയപ്പുതുള്ളികൾ നെൽമണികളായി തീരുന്നു. വെയിലും വെള്ളവും കൂട്ടാക്കാതെ, മഞ്ഞുമഴയും സഹിച്ച് നിങ്ങൾ പണ്ടുണ്ടാക്കുന്ന നെല്ലെല്ലാം അയാൾ കൊണ്ടുപോയി അറയിലാക്കുന്നു. നിങ്ങളുടെ കുഞ്ഞുങ്ങൾ തിന്നാനുള്ളതു് അയാളുടെ തടിയൻ മകൻ ജോണി തിന്നുന്നു."

"അയ്യോ ഞങ്ങടെ കൊച്ചമ്പ്രാനാ; ഞങ്ങടെ നല്ല കൊച്ചമ്പ്രാൻ. കൊച്ചമ്പ്രാനെ കുററപ്പെടുത്തുവാ?"

"കൊച്ചമ്പ്രാൻ! നിങ്ങളുടെ കുഞ്ഞുമക്കൾ തിന്നേണ്ട നെല്ലെല്ലാം തിന്നുന്ന കൊച്ചമ്പ്രാൻ! നിങ്ങളുടെ പ്രയത്നഫലമായ നെല്ലെല്ലാം നിങ്ങളുടെ മക്കൾ തിന്നണം"

"അതൊക്കുവോ?"

"തീർച്ചയായും ഒക്കും. റഷ്യയിൽ അതാണെങ്കിൽ തമ്പുരാനും വേലക്കാരനും ഒന്നും ഇല്ല. എല്ലാവരും സമന്മാരാണ്. എല്ലാവരുടെയും മക്കൾ ഒന്നുപോലെയാണു തിന്നുന്നതു്. നിങ്ങളെല്ലാം ശ്രമിച്ചാൽ അതുപോലെ ഇവിടെയും ആകും."

എല്ലാവരും അന്യോന്യംനോക്കി സന്തോഷിച്ചു.

"ആദ്യമായി നിങ്ങൾ ചെയ്യേണ്ടതു് പണിമുടക്കാണ്. പണിയാൻ വിളിക്കുമ്പോൾ ആരും പോക

രുത്. അഞ്ചുരൂപാ ദിവസം കൂലിതരണമെന്നു പറയണം. ആരും പണിയാനില്ലെന്നാകുമ്പോൾ നിങ്ങളെത്തന്നേ പണിക്കു വിളിക്കും; പറയുന്ന കൂലിയും തരും. അങ്ങനെ ഒരു മാസം വേല ചെയ്താൽ മുപ്പേററഞ്ചു നൂൻറമ്പതു രൂപാ. അതിൽ ഒരു മുപ്പതു ചെലവിനു പോയിട്ടു ബാക്കി നൂററിയിരുപതു രൂപാ മിച്ചം. ഒരു കൊല്ലം കഴിയുമ്പോൾ 1440 രൂപാ. അങ്ങനെ മൂന്നു നാലു കൊല്ലം കഴിയുമ്പോൾ നിങ്ങൾക്കെല്ലാം വലിയ സ്വത്തുകാരാകാം".

വേലക്കാരെല്ലാം സന്തോഷിച്ചു.

"നേരാ നേരം! നമ്മുടെ ഭാഗ്യം ഇങ്ങേരു വന്നതു്."

"അതിനു നിങ്ങൾ ആദ്യം ചെയ്യേണ്ടതു പണിമുടക്കാണു്. വരുന്ന മാസത്തിൽ മത്തച്ചൻെറ പാടത്തുപണി തുടങ്ങും. ആരും പോകരുതു്. അഞ്ചു രൂപാവീതം കൂലി തന്നാൽമാത്രം പോകണം. അതിനുമുമ്പായി നമുക്കു് ഒരു സംഘടന ഉണ്ടാക്കണം. ഒരാൾ അദ്ധ്യക്ഷനായിട്ടുവേണം. അതു ഞാൻ തന്നെ ആയിക്കൊള്ളാം. നിങ്ങളെല്ലാം അതിലെ അംഗങ്ങളായി ചേരണം. ആദ്യം ഒരു മൂലധനം ഉണ്ടാക്കണം. അതിനു് എല്ലാവരും രണ്ടുരൂപാ വീതം സെക്രട്ടറിയായ മി. കേളനെ ഏല്പിക്കണം. നമുക്കു് എന്തെങ്കിലും ആവശ്യം വരുമ്പോൾ സെക്രട്ടറി പണം തന്നുകൊള്ളും. അങ്ങനെ മൂലധനം ഉണ്ടാക്കിയിട്ടേ ഈ കാര്യം പുറത്തു പറയാവൂ. അതുകൊണ്ടു് എല്ലാവരും ഇന്നുമുതലേ രൂപാ ഏല്പിക്കണം."

"നമ്മുടെ ഭാഗ്യം! നമ്മുടെ ഭാഗ്യം! മൂന്നാലു കൊല്ലം കഴിയുമ്പം നമ്മുടെ നേല!"

ആ സങ്കല്പ സ്വർഗ്ഗത്തിൽ അവരെല്ലാം ആനന്ദോന്മത്തരായി.

പാടത്തു പണി ആരംഭിച്ചു. പണിക്കു ചെല്ലണമെന്നു മത്തച്ചൻ എല്ലാവരേയും അറിയിച്ചു. കിട്ടന്റെ സംഘടനാംഗങ്ങൾ പണിക്കിറങ്ങിയില്ല. വീണ്ടും മത്തച്ചൻ അവരോടാവശ്യപ്പെട്ടു. പണിക്കിറങ്ങാൻ പിന്നെയും അവർ ചെന്നില്ല. ബാക്കി വേലക്കാരെക്കൊണ്ടുമാത്രം മത്തച്ചനു തൃപ്തിപ്പെടേണ്ടതായി വന്നു.

നാലഞ്ചു നാളുകൾ പണിയില്ലാതിരുന്നപ്പോൾ സംഘടനാംഗങ്ങളുടെ വീടുകളിൽ പട്ടിണി മിച്ചമായി. കുഞ്ഞുങ്ങളെല്ലാം കരഞ്ഞും പിഴിഞ്ഞും തന്തമാരുടെ കഴുത്തിൽ തൂങ്ങി. അവരെന്തുചെയ്യും, എല്ലാവരും കിട്ടന്റെ അടുത്തുചെന്നു സംഗതി ധരിപ്പിച്ചു. അവൻ മറുപടി പറഞ്ഞു.

"നമ്മളെല്ലാവരും ഏററം ഭാഗ്യമുണ്ടാകുന്ന ഒരു കാലത്തിനുവേണ്ടിയാണു പരിശ്രമിക്കുന്നതു്. ആ പരിശ്രമത്തിൽ കുറെ വിഷമങ്ങൾ സഹിക്കേണ്ടതായി വരും. അതൊക്കെ ധൈര്യത്തോടുകൂടി സഹിക്കണം."

"ഞങ്ങടെ കുഞ്ഞുങ്ങ പട്ടിണികെടന്നു ചാവുമ്പൊഴാ ധയിര്യം?"

ഒരുത്തൻ താണസ്വരത്തിൽ മന്ത്രിച്ചു. വേറൊരുത്തൻ ഉറച്ചു പറഞ്ഞു:

"നമ്മടെ കുഞ്ഞുങ്ങളെ ക്രൂരതല്ലു ചോറുതിററാൻ തൊടങ്ങീട്ടു് ഇല്ലം ഒട്ടും ഇല്ലെന്നായി."

അദ്ധ്യക്ഷനു മറുപടി പറയുവാനില്ലായിരുന്നു. എല്ലാവരും പണിക്കിറങ്ങി. അങ്ങനെ കുഞ്ഞുങ്ങളുടെ പട്ടിണി കണ്ണുനീർ കാണാതായപ്പോൾ ആ തന്തമാർക്കു ചാരിതാർത്ഥ്യമുണ്ടായി.

അഞ്ചാറുദിവസം പട്ടിണികൂടാതെ തിന്നു മദിച്ചപ്പോൾ ചിലരെല്ലാം കിട്ടന്റെ പണിമുടക്കു പ്രബോധ

നത്തിന് വീണ്ടും വഴിപ്പെട്ടു. അവർ പിന്നെയും പണിമുടക്കി. എന്നാൽ കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ടപ്പോൾ അവരുടെ പണിമുടക്ക പ്രസ്ഥാനവും അഞ്ചുരൂപാ വാദവും വീണ്ടും അകലെ മാറി.

## VII

ജാനു ഒരു പെൺകുട്ടിയുടെ മാതാവായി. അതോടുകൂടി അവൾക്കു രോഗം തുടങ്ങി. കിട്ടൻ അവിടെയെങ്ങും ചെല്ലുകയില്ലെന്നായി. കാരണം ചോദിച്ചാൽ പറയും അദ്ധ്യക്ഷസ്ഥാനവും ഭാരവുംആയി അങ്ങുമിങ്ങും ഓടി നടക്കുകയാണെന്ന്. കണ്ടന്റെ വീട്ടിലും ചങ്കരന്റെ വീട്ടിലും ആയിട്ടാണു ഭർത്താവു താമസിക്കുന്നതെന്നു ജാനു മനസ്സിലാക്കി. കണ്ടന്റെ മകളേയും ചങ്കരന്റെ ഭാര്യയേയും അവൾക്കറിയാമായിരുന്നു. അവളുടെ ചങ്കിൽ തീകത്തി. ഭർത്താവിന് അവൾ ആളയച്ചു. കുഞ്ഞു മരിക്കാറായെന്നു പ്രത്യേകം പറയിപ്പിച്ചു.

"സമയമില്ല; സൗകര്യമില്ല".

കിട്ടൻ മറുപടി പറഞ്ഞു. വേദനയോടുകൂടി രോഗിണിയായ ഭാര്യ വീണ്ടും ആളയച്ചു. കിട്ടിയ മറുപടി പഴയതുപോലെതന്നെയായിരുന്നു.

പണിമുടക്ക പ്രസ്ഥാനം പരാജയപ്പെട്ടപ്പോൾ വേറൊരു മാർഗ്ഗവുമായി കിട്ടൻ പ്രവൃത്തി പഥത്തിലേക്കു വന്നു. മത്തച്ചന്റെ തെങ്ങിൽ കയറി തേങ്ങാ ഇടണമെന്നതായിരുന്നു ആ മാർഗ്ഗം. അധികം പേരും അതിനോടു വിയോജിച്ചു. ചിലർ അവനെ അനുകൂലിക്കാൻ മനസ്സുള്ളവരായിരുന്നു. എങ്കിലും അവർക്കു ധൈര്യമില്ലായിരുന്നു തമ്പുരാന്റെ തെങ്ങിൽ കയറി തേങ്ങാ പറിക്കാൻ. ആദ്യം അദ്ധ്യക്ഷൻ കയറി തേങ്ങാ പറിക്കാമെങ്കിൽ തങ്ങളും ആകാമെന്ന് അവർ സമ്മതിച്ചു. അങ്ങനെ കിട്ടൻ തെങ്ങിൽ കയറേണ്ടതായി വന്നു. കൊച്ചമ്പ്രാനായ ജോണിയുടെ ഒപ്പം ജീവിതസുഖം അനു

ഭവിച്ചു വളൎന്ന അവൻ ആദ്യമായിട്ടായിരുന്നു തെങ്ങിൽ കയറുന്നതു്. പകുതി കയറിയപ്പോൾ അവൻ കൈകാലുകൾ വിറച്ചു താഴെ വീണു. മററുള്ളവർ അവനെ എടുത്തു ചങ്കരൻെറ വീട്ടിലാക്കി. ചിലർ അവനെ തിരുമ്മി. മററു ചിലർ ഏതോ മരുന്നുകൾ പ്രയോഗിച്ചു. എങ്കിലും അവൻെറ ഇടതു കൈയുടെ സ്വാധീനം വളരെ കുറഞ്ഞു.

കിട്ടൻെറ സംഘടനയിലെ അംഗങ്ങൾ പകുതിയായി കുറഞ്ഞു. അവരെ അവൻ ഉൽബോധിപ്പിച്ചു: പണിമുടക്കുകൊണ്ടു മാത്രമായില്ല, നേരിട്ടു വിപ്ലവം ഉണ്ടാക്കുകകൂടെ ചെയ്യണമെന്നു്. മത്തച്ചൻെറ പറമ്പുകളിൽ കുറെ ഭാഗം കിളച്ചു കൃഷിചെയ്യണമെന്നും വിളവു സ്വയം എടുക്കണമെന്നും അവൻ തീരുമാനിച്ചു. അദ്ധ്യക്ഷൻെറ തിരുമാനം ഏതാനും അംഗങ്ങൾ കൈക്കൊണ്ടു. അവർ ഒന്നര ഏക്കർ സ്ഥലം കിളച്ചു കൃഷിചെയ്തു. മത്തച്ചൻ ഒരക്ഷരംപോലും അവരോടെതിരായി പറഞ്ഞില്ല.

മത്തച്ചൻെറ മൂന്നുനാലു പശുക്കൾ അവിടെ മേയുകയായിരുന്നു. കിട്ടൻ മററു ചിലരുമായി ചെന്നു് അവയെ പിടിച്ചു കറന്നു പാലെടുത്തു.

“ജോണി! എടാ തടിയൻജോണി! നി കുടിക്കാനുള്ള പാലാണു്. അതു് ഇന്നു ഞങ്ങൾ ഒന്നു രുചിച്ചുകൊള്ളട്ടെ. ഞങ്ങളും തടിയന്മാരാകുമോ എന്നൊന്നറിയാൻ”.

അങ്ങനെ പറഞ്ഞുകൊണ്ടു് കിട്ടൻ എല്ലാവൎക്കുമായി വീതിച്ചു.

മത്തച്ചൻെറ വിളഞ്ഞ വയലിൽ ആ പശുക്കളെ അവൻ അടിച്ചുകൊണ്ടിറക്കി. വേണ്ടുവോളം നെല്ലു് അവ തിന്നു. കിട്ടൻ കൈയുയൎത്തിപ്പറഞ്ഞു:

“സമത്വം!—ഇതാണു സമത്വം! ഈ ഭൂമിയിലുള്ള സകലതിനും സകലൎക്കും ഒന്നുപോലെയാണവകാശം. ജോണിക്കും കിട്ടനും ഒന്നുപോലെയാണവകാശം!”

ആകെ വലിയ ബഹുമാനമായിരുന്ന മത്തച്ചനെ. അയാൾക്കും ഏററം പ്രിയമായിരുന്ന സകലരെയും, വിശേഷിച്ചു വേലക്കാരെയും.

കൂലിക്കൂടുതൽ കിട്ടുമെന്നുള്ള പ്രതീക്ഷയിൽ അനേകം കിട്ടൻെറ വാക്കുകൾ ആദരിച്ചതും പണിമുടക്കിയതും. എന്നാൽ അവൻെറ പ്രവൎത്തനങ്ങൾ വിപ്ലവപരങ്ങളായി പരിണമിച്ചുതുടങ്ങിയപ്പോൾ വളരെപ്പേരും ആ സംഘടനയിൽ നിന്നു മാറി. തമ്പ്രാനോടു മത്തടിക്കുവാൻ അവൎക്കാൎക്കും തോന്നിയില്ല. എങ്കിലും ചുരുക്കം ചിലർ പിന്നെയും അവശേഷിച്ചിരുന്നു കിട്ടൻെറ കൂടെ പ്രവൎത്തിക്കുവാൻ.

കൊയ്ത്തുകാലമായി. മത്തച്ചൻെറ പാടത്തിറങ്ങി കൊയ്യുകുവാൻ കിട്ടൻ തീരുമാനിച്ചു. പത്തുപന്ത്രണ്ട് അനുചരന്മാരുമായി ചെന്ന് അവൻ കറെ കൊയ്തുകൂട്ടി. വിവരം മററുള്ളവർ മത്തച്ചൻെറ വീട്ടിൽ അറിയിച്ചു. അയാൾ അവിടെ ഇല്ലായിരുന്നു. അതിനാൽ ജോണി അവരുടെ കൂടെ യാത്രയായി.

ജോണി ഏതാനും ആളുകളുമായി ദൂരെനിന്നും വരുന്നതു കിട്ടനും കൂട്ടുകാരും കണ്ടു

"ആരും കയറരുത്. എല്ലാവരും കൊയ്തുകൊള്ളണം. ചോദിക്കുന്നതിൻെറ മറുപടി ഞാൻ പറഞ്ഞുകൊള്ളാം. തല്ലാണെങ്കിൽ തല്ല്! കൊല്ലാണെങ്കിൽ കൊല്ല്!"

അവൻ മററുള്ളവരോടു പറഞ്ഞു:

ജോണി പഴയ നിത്യസഹചാരിയുടെ പ്രവൃത്തി കണ്ടു. അവൻെറ കണ്ണുകളിൽനിന്നും അശ്രുബിന്ദുക്കൾ പൊഴിഞ്ഞു.

"കിട്ടാ, എന്തെടുക്കുകയാണ്?"

ഗൽഗദസ്വരത്തിൽ ജോണി ചോദിച്ചു. കിട്ടൻ തലയുയൎത്തി.

"അതു ചോദിക്കുവാൻ നിനക്കുള്ള അധികാരം എ

ന്തെടാ? ലോകത്തിൽ സമത്വം കൈവരണം. എല്ലാവൎക്കും എല്ലാത്തിനും ഒരുപോലെയാണവകാശം."

അവൻെറ സ്വരം കുറേക്കൂടെ ഉയൎന്നു.

"അതുകൊണ്ടു് ഒന്നും പറയാതെ പൊയ്ക്കോ. ഇവിടെനിന്നാൽ ഞാൻ!"

അവൻ കൈയുയൎത്തിക്കൊണ്ടു ജോണിയുടെനേരെ പാഞ്ഞടുത്തു.

"കിട്ടാ, നീ എന്നെ തല്ലുന്നതു് എനിക്കു സന്തോഷകരമാണു്."

ജോണി കൈകെട്ടിനിന്നുപറഞ്ഞു. എന്നാൽ അവൻെറ കൂടെയുണ്ടായിരുന്നവർ കിട്ടനെ വളഞ്ഞു, ഒന്നുരണ്ടു പ്രഹരിക്കുകയും ചെയ്തു.

"അരുതു്; കിട്ടനെ നിങ്ങളാരും തൊടരുതു്?"

ജോണി ഉറക്കെപ്പറഞ്ഞു:

"അവൻ ഇനിയും കൊയ്ത്തുകൊള്ളട്ടെ. നമുക്കു പോകാം.

## VIII

രക്തത്തിൽ കുളിച്ച കിട്ടൻെറ ശവത്തിനു ചുററും അനേകം വേലക്കാർ ചങ്കരൻെറ വീട്ടിൽ കൂടിയിരുന്നു,

ആലിലപോലെ നിന്നു വിറച്ചുതുള്ളുന്ന ചങ്കരൻെറ കൈയിൽ രക്തം പുരണ്ട ഒരു കത്തി ദൃശ്യമായി.

"ഇതെന്താടാ ചങ്കരാ, ഇതിനു കാരണം?"

"കാരണം? എല്ലാരും പറഞ്ഞു അവൻ ഇവിടെ താമസമാക്കിപ്പം അതെന്തോന്നിനാണെന്നു്. ഞാനതു വകവെച്ചില്ല. എന്നിട്ടു ഇന്നു ഞാൻ മൂട്ടൻവെട്ടീട്ടു തിരികെ വരുമ്പോഴുണ്ടല്ലോ അവൻ—"

"ആണ്ടെടാ അവിടെ കണ്ടൻെറ കേളേപ്പററീം ഏതാണ്ടൊക്കെ കേക്കുന്നു!"

"അയ്യോ അവനെ ഞാൻ!"

ശവത്തിനുനേരേ വീണ്ടും ചങ്കരൻ കുതിച്ചു.

"കേളന്റെ മകക്കാണേ ഒരു കൊച്ചുണ്ടായിട്ട് അഞ്ചാറുമാസമായി. അവൻ എന്നിട്ടു തിരിഞ്ഞുനോക്കകൂടി ചെയ്തിട്ടില്ല.

"അവന്റെ സമത്വം!"

ചങ്കരന്റെ കണ്ണുകൾ തീപ്പൊരിപോലെ ജ്വലിച്ചു.

ഭൂമിയിലുള്ളതെല്ലാം ആർക്കും ഒന്നുപോലെയാണ് അവകാശമെന്ന്!"

"ഒ്ഹോ! സമത്വം!! — പെണ്ണുങ്ങടെമേലും സമത്വം!!!"

സമാപ്തി.

H111
190.

# സങ്കല്പസാൎഗ്ഗം

41



## ജെറോം

Indic Digital Archive Foundation
gpura.org